# മട്ടാഞ്ചേരി പാലം: നിരാഹാരസമരം തുടങ്ങി

മട്ടാഞ്ചേരി ബി. ഒ. ടി പാലത്തിലെ അന്യായമായ ടോൾ നിരക്കു കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ജനകീയ സമരം ജൂൺ ഒന്നു മുതൽ പുതിയ ഘട്ടത്തിലേക്കു കടന്നു. പാലത്തിനരികെയുള്ള സമരപ്പന്തലിൽ സമരസമിതിയിലെ ഒരംഗം അനിശ്ചിതകാല നിരാഹാരസമരം തുടങ്ങി.

രാഷ്ട്രീയകക്ഷി പ്രതിനിധികളേയും സമരസംഘടനകളേയും വിളിച്ച് കളക്ടറും മന്ത്രിമാരും നടത്തിയ ചർച്ചകൾ അലസിപ്പിരിഞ്ഞു. മുപ്പതു കോടി രൂപ മുടക്കി പണിത പാലത്തിന് ടോളായി നാനൂറ്റമ്പത് കോടി രൂപ പിരിക്കാൻ ഒപ്പിട്ട കരാർ തിരുത്തണമെന്ന ആവശ്യം അധികൃതർ തള്ളിക്കളഞ്ഞു. തങ്ങൾ നൽകുന്ന ടോൾ യാത്രക്കാരിൽ നിന്നും അധിക ഫെയർസ്റ്റേജായി പിരിക്കാൻ ബസ്സുടമകൾ നടത്തിയ ശ്രമങ്ങൾ ജനങ്ങൾ പരാജയപ്പെടുത്തിയിട്ടും ടോൾ മുതലാളി ചൂഷണം തുടരുകയാണ്.

പ്രമുഖരാഷ്ട്രീയ കക്ഷികൾക്കൊന്നും ശക്തമായ നിലപാടെടുക്കാനാവുന്നില്ല. അവരെല്ലാം സ്വകാര്യവൽക്കരണത്തെ തത്വത്തിൽ അംഗീകരിച്ചവരും ഫലത്തിൽ ഇതിന്റെ 'വിഹിതം' കിട്ടുന്നവരുമാണ്.

ഇതിനിടെ ഹൈക്കോടതി വിധിക്കെതിരായി ജനകീയ പ്രതികരണസമിതി സുപ്രീം കോടതിയിൽ നൽകിയ അപ്പീൽ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്.